പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ

505/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഡിസംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (viii)-ാം ഇനത്തിൽ "ഒരാൾ അദ്ധ്യാപകനുമായിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഒരാൾ 19-ാം വകുപ്പിൽ 'തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (v)-ാം ഇനപ്രകാരം സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു സർവ്വകലാശാലാ പ്രൊഫസറും ആയിരിക്കേണ്ടതാണ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

505/2012.

(ബി) (xiv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiv) സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി.";

(ii) (2)-ാം ഉപവകുപ്പിൽ,—

(എ) "അർഹരായിരിക്കുന്നതല്ലാത്തതുമാകുന്നു" എന്ന വാക്കുകൾക്കുപകരം "അർഹരായിരിക്കുന്നതും ആകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) രണ്ടാം ക്ലിപ്ത നിബന്ധനയ്ക്കുപകരം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.".

3. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ,—

(i) 'എക്സ്-ഒഫീഷ്യോ അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ ഇനം (v)-ൽ "കൊച്ചി മേയർ" എന്ന വാക്കുകൾക്കുപകരം "കൊച്ചി മേയറും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ,—

(എ) (iv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iv) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽ നിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്." ;

(ബി) (iv)-ാം ഇനത്തിനുശേഷം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.";

(സി) (v)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4. പ്രത്യേകവ്യവസ്ഥ.—പ്രധാന ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (1)-ാം

ഉപവകുപ്പിലെ (viii)-ഉം (xiv)-ഉം ഇനങ്ങൾ പ്രകാരവും 19-ാം വകുപ്പിലെ 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (iv)-ഉം (v)-ഉം ഇനങ്ങൾ പ്രകാരവും ഔദ്യോഗിക സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള നിലവിലുള്ള അംഗങ്ങൾ ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അവസാനിക്കുന്നതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2012-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സെനറ്റ് നിയമ പ്രകാരമുള്ള ഒരു അധികാരസ്ഥാനമായതിനാലും നിയമപരമായതും തീരുമാനമെടുക്കുവാനുള്ളതുമായ അധികാരങ്ങൾ പ്രസ്തുത അധികാരസ്ഥാനത്തിൽ നിക്ഷിപ്തമായിട്ടുള്ളതിനാലും, പല തരത്തിലുള്ള വിഷയങ്ങൾ ഉൾപ്പെടുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പ്രാതിനിധ്യം കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സെനറ്റിൽ തികച്ചും അനിവാര്യമാണ്. സെനറ്റിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള അംഗങ്ങളുടെ പ്രാതിനിധ്യം വേണ്ടത്രയില്ല എന്നതിനാൽ ആ മേഖലയിൽ നിന്നുള്ള അംഗങ്ങളെ സെനറ്റിൽ 'മറ്റ് അംഗങ്ങളിൽ' ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനും സെനറ്റിലെ 'എക്സ്-ഒഫീഷ്യോ അംഗങ്ങൾ' എന്നതിൻകീഴിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സനെ ഉൾപ്പെടുത്തുന്നതിനും വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സെനറ്റിലെ 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ വരുന്ന അംഗങ്ങളുടെ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനും വേണ്ടി 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31) ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻതന്നെ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ, 2011-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2011 നവംബർ 30-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2011 ഡിസംബർ 1-ാം തീയതിയിലെ 2269-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011-ലെ 59-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച്

അതേദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിൻകീഴിൽ എടുത്ത നടപടികൾ സാധൂകരിക്കുന്നതിനും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുമായി, കേരള ഗവർണ്ണർ, 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2012 ജനുവരി 30-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2012 ജനുവരി 31-ാം തീയതിയിലെ 222-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 14-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുമായി കേരള ഗവർണ്ണർ, 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2012 ഏപ്രിൽ 11-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2012 ഏപ്രിൽ 11-ാം തീയതിയിലെ 726-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 24-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. അബ്ദു റബ്ബ്.

# 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1986-ലെ 31)

** ** ** **

17. സിൻഡിക്കേറ്റ്.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതി ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) വൈസ് ചാൻസലർ,

** ** ** **

(viii) സെനറ്റിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് അംഗങ്ങൾ— അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപ്പെട്ട ആളും ഒരാൾ വനിതയും ഒരാൾ അദ്ധ്യാപകനുമായിരിക്കേണ്ടതാണ് ,

** ** ** **

(xiv) സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ, അല്ലെങ്കിൽ ചെയർപേഴ്സന്റെ അഭാവത്തിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല യിലെ ഒരു ബിരുദാനന്തരബിരുദ/ഗവേഷണ വിദ്യാർത്ഥി.

(2) (1)-ാം ഉപവകുപ്പിലെ (vii), (viii), (ix), (x), (xii), (xiii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി അവരെ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ നാല് വർഷത്തേക്കായിരിക്കുന്നതും അവർ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹരായിരിക്കുന്നതല്ലാത്തതുമാകുന്നു:

എന്നാൽ, നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന യാതൊരു അംഗവും അദ്ദേഹം നിയമസഭാ സാമാജികൻ അല്ലാതായിതീർന്നശേഷം മൂന്നുമാസത്തിൽ കവിഞ്ഞ കാലത്തേക്ക്, അതിനിടയിൽ അദ്ദേഹം നിയമസഭാ സാമാജികൻ ആയിത്തീരാത്തപക്ഷം, സിൻഡിക്കേറ്റിലെ അംഗമായിരിക്കാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല, സിൻഡിക്കേറ്റിന്റെ കാലാവധി സെനറ്റിന്റെ കാലാവധിക്കൊപ്പം അവസാനിക്കുന്നതാണ്.

** ** ** **

19. <u>സെനറ്റ്</u>.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ**

(i) ചാൻസലർ,

(ii) പ്രോ-ചാൻസലർ,

(iii) വൈസ്-ചാൻസലർ,

(iv) പ്രോ-വൈസ്-ചാൻസലർ,

(v) കൊച്ചി മേയർ,

** ** ** **

**മറ്റംഗങ്ങൾ**

(i) വ്യവസായ വാണിജ്യ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നവരായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് വിദഗ്ദ്ധന്മാർ അവരിൽ ഒരാൾ വിശാല കൊച്ചി വികസന അതോറിറ്റിയുടെ പ്രദേശത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ഒരു ചേംബർ ഓഫ് കോമേഴ്സിനെ പ്രതിനിധാനം ചെയ്യുന്ന ആളായിരിക്കണം.

** ** ** **

(iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ ആറ് ബിരുദധാരികൾ,

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിത.

** ** ** **